(സി) ബഹു. ചാൻസലർക്ക് 27-5-2015-ൽ സംഘടനകൾ നൽകിയ പരാതി സർവ്വകലാശാലയ്ക്ക് കൈമാറിയതിൽ, ബോർഡ്, 8-7-2015-ൽ വിശദ പരിശോധന നടത്തിയതിൽ അഴിമതി ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലായെന്ന കണ്ടെത്തി ചാൻസലർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റു പരാതികൾ ഒന്നും ശ്രദ്ധയിൽ വന്നിട്ടില്ല.

(ഡി) ബഹു. ചാൻസലർ, സംഘടനയുടെ ആവശ്യം മാനിച്ച് മാനേജിംഗ് കൗൺസിലിലേക്കുള്ള എം.എൽ.എ.-മാരുടെ മണ്ഡലത്തിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നതിനുമുമ്പായി തന്നെ, ബോർഡിലെ ഡീൻ, അദ്ധ്യാപക ഒഴിവുകളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ വി.സി.-യുടെ അധികാരം ഉപയോഗിക്കാൻ അനുമതി നൽകിയതനുസരിച്ച് ആ തിരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ വേഗം സ്വീകരിച്ചുവരുന്നു. ഇതിനായി വോട്ടർ പട്ടിക 17-7-2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആരോഗ്യ-കാർഷിക-വിദ്യാഭ്യാസ ബോധവൽക്കരണത്തിന് ജാഗ്രതാ സമിതി

143 (5495) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകൾ വഴി ആരോഗ്യ-കാർഷിക-വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വർദ്ധിച്ചുവരുന്ന മദ്യ-ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും കുറ്റകൃത്യങ്ങളും തടയുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ യുവജനങ്ങളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി പഞ്ചായത്തുതല ജാഗ്രതാ സമിതികൾ രൂപീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗത്തിനുമെതിരെ പൊതുജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാനും ഇതിലേക്കായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly